# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2350

12.06.2018 ൽ ബഹു. ധനകാര്യവും
കയറും വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

**ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് പെൻഷൻ**

**ചോദ്യം**
**ശ്രീ.പി.സി.ജോർജ്**

**ഉത്തരം**
**ഡോ.ടി.എം.തോമസ് ഐസക്**
**ബഹു. ധനകാര്യവും കയറും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർ ഉണ്ട്; ജില്ല തിരിച്ച് എണ്ണം വിശദമാക്കാമോ; | സംസ്ഥാനത്ത് നിലവിൽ 10583 ഏജന്റുമാർ ഉണ്ട്. ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. |

| ജില്ല | MPKBY | SAS | ആകെ |
|---|---|---|---|
| തിരുവനന്തപുരം | 966 | 100 | 1066 |
| കൊല്ലം | 878 | 80 | 958 |
| പത്തനംതിട്ട | 723 | 47 | 770 |
| ആലപ്പുഴ | 998 | 107 | 1105 |
| കോട്ടയം | 832 | 52 | 884 |
| ഇടുക്കി | 239 | 6 | 245 |
| എറണാകുളം | 1040 | 103 | 1143 |
| തൃശ്ശൂർ | 955 | 90 | 1045 |
| പാലക്കാട് | 567 | 52 | 619 |
| മലപ്പുറം | 674 | 7 | 681 |
| കോഴിക്കോട് | 893 | 14 | 907 |
| വയനാട് | 119 | - | 119 |
| കണ്ണൂർ | 729 | 58 | 787 |
| കാസർഗോഡ് | 245 | 9 | 254 |
| **ആകെ** | **9858** | **725** | **10583** |

| | | |
|---|---|---|
| (ബി) | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള പെൻഷൻ പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്കുള്ള പെൻഷൻ പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാർക്ക് 14.08.2000-ലെ സ.ഉ(പി) നം.1084/2000/ധന. ഉത്തരവ് പ്രകാരം ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ്, എൽ.ഐ.സിയുമായി ചേർന്ന് ദേശീയ സമ്പാദ്യ പദ്ധതി മഹിളാപ്രധാൻ, എസ്.എ.എസ്. ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പിലാക്കുകയും 2011-ൽ എൽ.ഐ.സി.യുമായുള്ള സഹകരണം ഒഴിവാക്കി ദേശീയ സമ്പാദ്യ പദ്ധതി ഏജന്റുമാരുടെ (പുതുക്കിയ) പെൻഷൻ പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.<br><br>01.03.2011-ലെ സ.ഉ.(പി) നം. 94/2011/ധന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഏജന്റുമാരിൽ നിന്ന് വിഹിതം സ്വീകരിച്ച് നടപ്പിലാക്കി വരുന്ന പുതുക്കിയ പെൻഷൻ പദ്ധതിയ്ക്ക് 01.02.2011 മുതൽ പ്രാബല്യമുണ്ട്.<br><br>മിനിമം 10 വർഷത്തെയെങ്കിലും വിഹിതം ഒടുക്കുന്ന ദേശീയ സമ്പാദ്യ പദ്ധതി ഏജന്റിന് പ്രതിമാസം 600 രൂപ നിരക്കിലും കൂടുതലായുള്ള ഓരോ വർഷത്തെയും ഒടുക്കിന് മിനിമം പെൻഷന്റെ 10% അധിക വർദ്ധനവും നൽകി പരമാവധി 35 വർഷത്തെ സേവനമുള്ളയാൾക്ക് 2100 രൂപ പെൻഷൻ അനുവദിക്കുന്നതിനാണ് അനുമതിയുള്ളത്. |
| (സി) | ദേശീയ സമ്പാദ്യ പദ്ധതിയുടെ കീഴിൽ നിലവിലുള്ള സ്കീമുകൾ എന്തൊക്കെയാണ്; പ്രസ്തുത സ്കീമുകൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ എങ്കിൽ വിശദമാക്കുമോ? | റെക്കറിംഗ് ഡെപ്പോസിറ്റ്, 1 വർഷം, 2 വർഷം, 3 വർഷം, 5 വർഷം എന്നീ കാലയളവിലുള്ള ടൈം ഡെപ്പോസിറ്റ്, മാസവരുമാന പദ്ധതി, 5 വർഷ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ്, പബ്ലിക് പ്രോവിഡന്റ് ഫണ്ട്, സീനിയർ സിറ്റിസൺസ് സ്കീം, സുകന്യാസമൃദ്ധി യോജന, കിസാൻ വികാസ് പത്ര എന്നിവയാണ് ദേശീയ സമ്പാദ്യ പദ്ധതി വകുപ്പിന് കീഴിലുള്ള സ്കീമുകൾ. പ്രസ്തുത സ്കീമുകൾക്ക് കേന്ദ്രസഹായം ലഭ്യമല്ല. ആയത് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളാണ്. |

Jiya

സെക്ഷൻ ഓഫീസർ